# പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2175 — 11/03/2020-ൽ മറുപടിക്ക്

### വികസനപദ്ധതികൾക്ക് തടസ്സമായി ഇലക്ട്രിക് പോസ്റ്റുകൾ

| | ചോദ്യം<br><br>**ശ്രീ.വി. അബ്ദുറഹിമാൻ** | | മറുപടി<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | റോഡ് വികസനത്തിനും മറ്റ് പദ്ധതികൾക്കും തടസ്സമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ സമയബന്ധിതമായി നീക്കം ചെയ്യാത്തതു കാരണം ഉണ്ടാകുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ)<br>&<br>(ബി) | ചില സ്ഥലങ്ങളിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ പൊതുമരാമത്ത്/ഗ്രാമീണ റോഡുകളിലുള്ള ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുവാനുള്ള അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് സ്ഥലപരിശോധന നടത്തി, മറ്റ് തടസ്സങ്ങളില്ലെങ്കിൽ, (ഏതെങ്കിലും അനുമതി കൂടി ആവശ്യമുണ്ടെങ്കിൽ ആയത് ലഭിക്കുവാൻ വേണ്ടനടപടികൾ സ്വീകരിച്ച്) പ്രസ്തുത ജോലിക്കു വേണ്ടി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ (KSERC) പുറപ്പെടുവിച്ചിട്ടുള്ള നിരക്കുകൾക്കനുസരിച്ചുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി പ്രസ്തുത വകുപ്പിന് ഡിമാന്റ് നോട്ടീസ് നൽകുന്നതും ടി എസ്റ്റിമേറ്റ് തുക അടയ്ക്കുന്ന മുറയ്ക്ക് ഡെപ്പോസിറ്റ് വർക്ക് സ്കീമിൽ മുൻഗണനാക്രമം അനുസരിച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നതുമാണ്.<br><br>ബന്ധപ്പെട്ട വകുപ്പുകൾ തുക അടയ്ക്കുന്നതിന് വരുത്തുന്ന കാലതാമസം മൂലവും ചില സന്ദർഭങ്ങളിൽ മാറ്റി സ്ഥാപിക്കാൻ ആവശ്യമായി വരുന്ന സാധന സാമഗ്രികളുടെ പെട്ടെന്നുള്ള ലഭ്യതക്കുറവ് മൂലവും ചില സ്ഥലങ്ങളിൽ പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തികളിൽ കാലതാമസം ഉണ്ടാകാറുണ്ട്. ഇതു ഒഴിവാക്കാനായി, കാലതാമസം സംഭവിക്കാവുന്നതും പല സെക്ഷൻ ഓഫീസുകളുടെ പരിധിയിൽ വരുന്നതുമായ പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തികൾക്ക് വേണ്ടിവരുന്ന എസ്റ്റിമേറ്റ് തുകയുടെ ഡിമാൻഡ് നോട്ടീസ് |
| (ബി) | പ്രോജക്ടുകളും റോഡുവികസനവും തടസ്സമില്ലാതെ നടക്കുന്നതിന് ഇലക്ട്രിക് പോസ്റ്റുകൾ സമയബന്ധിതമായി മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | | |

| | | | |
|---|---|---|---|
| | | | വേഗത്തിൽ നൽകിക്കൊണ്ടും സാധനസാമഗ്രികൾ താമസംവിനാ ലഭ്യമാക്കികൊണ്ടും, KSEBL ന്റെ ഭാഗത്തുണ്ടാകുന്ന കാലതാമസം പരമാവധി ഒഴിവാക്കുകയും ബന്ധപ്പെട്ട വകുപ്പുകൾ ആവശ്യമായ തുക അടയ്ക്കുന്ന മുറയ്ക്ക് ഡെപ്പോസിറ്റ് വർക്ക് സ്കീമിൽ മുൻഗണനക്രമം അനുസരിച്ച് പോസ്റ്റുകൾ മാറ്റി സ്ഥാപിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. |
| (സി) | പൊതുജനത്തിന് ഭീഷണിയായി അപകടകരമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ ത്വരിത ഗതിയിൽ മാറ്റി സ്ഥാപിക്കുന്നതിന് അടിയന്തര നിർദ്ദേശം നൽകുമോ? | (സി) | പൊതുജനത്തിന് ഭീഷണിയായി അപകടകരമായി നിൽക്കുന്ന പോസ്റ്റുകൾ ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ തന്നെ ടി പോസ്റ്റുകൾ KSEBL മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതു കൂടാതെ ജില്ലാ കളക്ടർ, ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി, ബാലാവകാശ കമ്മീഷൻ, പൊതുജനങ്ങൾ തുടങ്ങിയവർ ശ്രദ്ധയിൽപ്പെടുത്തുന്ന അപകടകരമായി നിൽക്കുന്ന പോസ്റ്റുകളും KSEBL താമസംവിനാ മാറ്റി സ്ഥാപിക്കുവാൻ നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ